(ബി) ഇവയിൽ ഇപ്പോൾ എത്രയെണ്ണം പ്രവർത്തിക്കുന്നണ്ട് ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രവർത്തിക്കാത്ത പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും പ്ലാന്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയത് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളം നൽകുന്നതിന് തീരസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ മൂന്നു പഞ്ചായത്തുകളിൽ 'ഡി സലിനേഷൻ' പ്ലാന്റുകൾ സ്ഥാപിച്ച് അതാത് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1. 20,000 LPD കപ്പാസിറ്റിയുള്ള ഡി സാലിനേഷൻ പ്ലാന്റ് 27-7-2005-ൽ ചെല്ലാനം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. (ചെലവ് 10.18 ലക്ഷം രൂപ)

2. 20,000 LPD കപ്പാസിറ്റിയുള്ള ഡി സാലിനേഷൻ പ്ലാന്റ് 16-1-2006-ൽ മുളവുകാട് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. (ചെലവ് 10.91 ലക്ഷം രൂപ)

3. 20,000 LPD കപ്പാസിറ്റിയുള്ള ഡി സാലിനേഷൻ പ്ലാന്റ് 4-7-2006-ൽ കടമക്കുടി പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. (ചെലവ് 10.33 ലക്ഷം രൂപ)

(ബി) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മുതക്കുപുറത്തെ ഡി സാലിനേഷൻ പ്ലാന്റ് മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു.

(സി) പ്ലാന്റുകൾ നിർമ്മിച്ചു കൈമാറുക മാത്രമേ ഫിഷറീസ് വകുപ്പ് ചെയ്തിട്ടുള്ളു. അവയുടെ മെയിന്റനൻസും മറ്റും തദ്ദേശഭരണസ്ഥാപനങ്ങളാണ് നിർവ്വഹിക്കേണ്ടത്.

മത്സ്യ വിൽപ്പന നടത്തുന്നവർക്ക് ആനുകൂല്യങ്ങൾ

200 (4824) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യം വിൽപ്പന നടത്തി ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളത് ;

(ബി) കണ്ണൂർ ജില്ലയിൽ മത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്ത സഹകരണ സംഘങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) I. മത്സ്യം വിൽപ്പന നടത്തി ഉപജീവനം നടത്തുന്ന മത്സ്യതൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന താഴെ പറയുന്ന ആനുകൂല്യങ്ങളാണ് നടപ്പിലാക്കുന്നത്:

1. സംയോജിത മത്സ്യ വികസന പദ്ധതിവഴി മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണന വായ്പ 5000 രൂപ.

2. മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ ഒന്നാംഘട്ടം 5000 രൂപ.

3. മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ രണ്ടാം ഘട്ടം 10000 രൂപ.

4. സ്വയംസഹായ ഗ്രൂപ്പുകൾവഴി മൈക്രോ ഫിനാൻസ് വായ്പ 10000 രൂപ.

5. സുനാമി അടിയന്തര സഹായ പദ്ധതിവഴി മത്സ്യ വിപണനത്തിന് വാഹന സൗകര്യം.

6. സുനാമി അടിയന്തര സഹായ പദ്ധതിവഴി ഫിഷ് കിയോസ്കുകൾ

II മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന, 1980-ലെ കേരള മത്സ്യത്തൊഴിലാളി സൊസൈറ്റീസ് ആക്ട് പ്രകാരം മത്സ്യത്തൊഴിലാളി നിർവ്വചനത്തിൽപ്പെടുന്ന മത്സ്യവിൽപ്പന നടത്തി ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും മത്സ്യ അനുബന്ധത്തൊഴിലാളികൾക്കും നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കണ്ണൂർ ജില്ലയിൽ മൽസ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ താഴെ പറയുന്നവയാണ്.

1. കുറിച്ചിയിൽ - പാലിശ്ശേരി
2. പാലിശ്ശേരി
3. തലശ്ശേരി ഉൾനാടൻ
4. തലശ്ശേരി വനിത
5. കുറിച്ചിയിൽ
6. എടക്കാട് ബ്ലോക്ക് വനിത
7. തയ്യിൽ
8. കണ്ണൂർ സിറ്റി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

9. എടക്കാട് കണ്ണൂർ സിറ്റി

10. അഴിക്കോട്

11. അഴിക്കോട് - പുതിയങ്ങാടി

12. കണ്ണൂർ ഉൾനാടൻ

13. മാടായി വനിത

14. പുതിയങ്ങാടി

15. പാലക്കോട് - കവ്വായി

16. പാലക്കോട് കടപ്പുറം

17. കരിവെള്ളൂർ ഉൾനാടൻ

ശ്രീമതി ക്ലാരയ്ക്കെതിരെയുള്ള റിക്കവറി നടപടി

201 (4825) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളിയുടെ ആശ്രിതയും അംഗവൈകല്യമുള്ളതും അവിവാഹിതയുമായ ആലപ്പുഴ ജില്ലയിൽ നൂറനാട് പടനിലം, കിടങ്ങയം കരയിൽ ശ്രീമതി ക്ലാര ആലപ്പുഴ ജില്ലാ വനിതാ വികസന കോർപ്പറേഷനിൽ നിന്നും എടുത്ത ലോൺ കുടിശ്ശികയായത് റിക്കവറി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിനും ഇവർക്ക് സമാശ്വാസം നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ ക്ലമന്റിന്റെ പേർക്കുള്ള റവന്യൂ റിക്കവറി

202 (4826) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ നിന്നും ലോണെടുത്ത ഉൾനാടൻ മത്സ്യത്തൊഴിലാളിയായ നൂറനാട്, പടനിലം നിർമ്മലാലയത്തിൽ ശ്രീ ക്ലമന്റിന്റെ പേർക്കുള്ള കുടിശ്ശിക റവന്യൂ റിക്കവറി ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തടയുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടും ഇത്തരത്തിൽ റവന്യൂ റിക്കവറി നടത്തുന്നത് തടയുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly